KOCHI BIENNALE FOUNDATION

**പത്രക്കുറിപ്പ്** **08.02.2017**

## ബിനാലെ ദൗത്യങ്ങൾക്ക് സ്വന്തം വീക്ഷണം നൽകി ക്യൂറേറ്റർമാർ

കൊച്ചി: രാജ്യത്തെ കല-സാംസ്കാരിക രംഗത്ത് കൊച്ചി ബിനാലെയുടെ സ്ഥാനമെന്തെന്ന് തിരിച്ചറിയുന്ന ചർച്ചകളുമായി ബിനാലെ വേദി. ഫോർട്ട്കൊച്ചി കബ്രാൾ യാർഡിൽ രണ്ടു ദിവസമായി നടക്കുന്ന സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗത്തു നിന്നും വന്ന ക്യൂറേറ്റർമാർ ഇക്കാര്യത്തിൽ തങ്ങളുടെ നൂതനവും സങ്കീർണവുമായ വീക്ഷണങ്ങൾ അവതരിപ്പിച്ചു.

ക്യൂറേറ്റിംഗ് അണ്ടർ പ്രഷർ എന്നാണ് കൊച്ചി ബിനാലെ ഫൗണ്ടേഷൻ, ജർമൻ സാംസ്കാരിക കേന്ദ്രമായ ഗെയ്ഥെ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ചേർന്ന് സംഘടിപ്പിച്ച സമ്മേളനത്തിന് പേരു നൽകിയിരുന്നത്.

തുടർന്നു പോകുന്ന ഒരു പ്രതിഭാസമായി ബിനാലെ മാറുമോ അതോ ഒരു സ്ഥാപനമെന്ന രീതിയിൽ നിലനിൽക്കുമോയെന്ന ചോദ്യമാണ് കൊച്ചി-മുസിരിസ് ബിനാലെ മൂന്നാം ലക്കത്തിന്റെ ക്യൂറേറ്റർ സുദർശൻ ഷെട്ടി തന്നെ സമ്മേളനത്തിൽ ഉയർത്തിയത്. ഇവ രണ്ടും ഒന്നു തന്നെയാണോയെന്നും അദ്ദേഹം ചോദിക്കുന്നു. കലയുടെ പ്രധാന പ്രവേശന മാർഗമായി ബിനാലെ നിലനിൽക്കുന്നതിനോടൊപ്പം പാരമ്പര്യത്തെയും സ്ഥാപനങ്ങളെയും ഒന്നിച്ചു കൊണ്ടു പോകുന്ന കാര്യത്തിലും അദ്ദേഹം സംശയം പ്രകടിപ്പിച്ചു.

സുദർശനെ കൂടാതെ ബിനാലെ രണ്ടാം ലക്കത്തിന്റെ ക്യൂറേറ്റർ ആയിരുന്ന ജിതേഷ് കല്ലാട്ട്, ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ്ബോസ് കൃഷ്ണമാചാരി, സെക്രട്ടറി റിയാസ് കോമു എന്നിവരും തങ്ങളുടെ വീക്ഷണം സമ്മേളനത്തിൽ അവതരിപ്പിച്ചു.

കലാലോകത്തെ രാജ്യം മനസിലാക്കിയ രീതിയിലും കൊളോണിയൽ സ്ഥാപനങ്ങളുമായുള്ള മധ്യവർത്തിയെന്ന നിലയിലുമാണ് ബിനാലെ വർത്തിച്ചതെന്ന് സുദർശൻ ചൂണ്ടിക്കാട്ടി. എന്നാൽ ഇവ രണ്ടും തമ്മിൽ ഒരിക്കലും ചേർന്ന് പോകില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ബെർലിൻ ബിനാലെ ഡയറക്ടർ ഗബ്രിയേൽ ഹോ, ജിതേഷ് കല്ലാട്ട്, എന്നിവർ പങ്കെടുത്ത വട്ടമേശ സമ്മേളനം ഗോയെഥെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദക്ഷിണേഷ്യ പ്രോഗ്രാം ഡയറക്ടർ ലിയോനാർഡ് എമ്മേർളിംഗ് മോഡറേറ്റ് ചെയ്തു.

പാശ്ചാത്യം-പൗരസ്ത്യം എന്നീ വിഭജനങ്ങൾക്കപ്പുറത്ത് വിപരീതമായ ചില കാര്യങ്ങൾ കാണാൻ സാധിക്കും. ഒരു വ്യവസ്ഥിതിയെ സമകാലീന വീക്ഷണത്തിലൂടെ പഴമയെ മനസിലാക്കാനാണ് ഉപയോഗിക്കേണ്ടത്. സ്ഥാപനത്തെയും അധികാരത്തേയും വേർതിരിക്കാനാകുമോയെന്നും സുദർശൻ ചോദിച്ചു.

അന്യം നിന്നു പോയ ആശയത്തെ പരിപാലിക്കാൻ വേണ്ടിയുള്ള മനപൂർവമായ ശ്രമമാണ് ബിനാലെകൾ എന്ന് ജിതേഷ് കല്ലാട്ട് അഭിപ്രായപ്പെട്ടു. കലയുടെ ഇടം തേടുന്നതിനു

1/1903, Kunnumpuram, Fort Kochi, Kerala - 682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org

KOCHI
BIENNALE
FOUNDATION

ള്ള വഴിയാണ ബിനാലെകൾ, എന്നാൽ ജയവും പരാജയവും വിമർശനങ്ങളും ഇവിടെ സഹിക്കേണ്ടി വന്നേക്കാം. കലാപരവും സൗകര്യങ്ങളും തമ്മിലുള്ള അസ്ഥിരതയെ സമരസപ്പെടുത്താനുള്ള ഇടമാണ് ബിനാലെയെന്നും അദ്ദേഹം പറഞ്ഞു.

കല, സംസ്കാരം എന്നിവയെ സംരക്ഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകതയെക്കുറിച്ചും ചർച്ച നടന്നു. സുസ്ഥിരവും ആരോഗ്യകരവുമായ സാംസ്കാരിക ഇടത്തിനു വേണ്ടി സാമ്പത്തിക അടിത്തറ ഉറപ്പുവരുത്തണമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

ബിനാലെ പ്രദർശനങ്ങൾ തന്നെ രാഷ്ട്രീയ പ്രതിഭാസമാണെന്നും സ്ഥാപനങ്ങളോടുള്ള പ്രതികരണമാണെന്നും എമ്മേർലിംഗ് അഭിപ്രായപ്പെട്ടു. എന്നാൽ ഏവരെയും ഉൾക്കൊണ്ടു കൊണ്ടുള്ള സമാന്തരമായ ഇടം കലയ്ക്ക നേടിക്കൊടുക്കുകയാണ് ബിനാലെ ചെയ്തതെന്ന് റിയാസ് കോമു ചൂണ്ടിക്കാട്ടി.

ഏകാന്തമായൊരു സ്ഥാപനമായിരുന്നില്ല ബിനാലെ. വൈവിദ്ധ്യങ്ങളായ സമാന്തര പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ ഇടത്തിലേക്ക് ഇറങ്ങിച്ചെല്ലാനും അടുത്ത തലമുറ ക്യൂറേറ്റർമാരെ പ്രചോദിപ്പിക്കാനും അതു വഴി രാജ്യത്തെ കലയുടെ അടിത്തറ ഉറപ്പിക്കാനും വേണ്ടിയുള്ള ശ്രമമാണിതെന്നും റിയാസ് പറഞ്ഞു.

ജനങ്ങളെ എങ്ങിനെ സമകാലീന കലാസ്വാദനത്തിലേക്ക് എത്തിക്കാമെന്ന് നോക്കിയതിന്റെ ഫലമാണ് ബിനാലെയെന്ന് പിന്നീട് ബിനാലെ ഇൻ കൊണ്ടക്സ്റ്റ് എന്ന വിഷയത്തിൽ സംസാരിച്ച ബോസ് കൃഷ്ണമാചാരി പറഞ്ഞു. പ്രാദേശികമായി സ്കൂളുകളും മറ്റ് കേന്ദ്രീകരിച്ച് കലാ പ്രഭാഷണങ്ങളും മറ്റ് പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയായിരുന്നു രീതി. ഇത് ഇന്നും തുടർന്നു വരുന്നു. ഇതുവഴി കൂടുതൽ കലാകാരന്മാരുടെ പങ്കാളിത്തം ഉറപ്പു വരുത്താനാകുന്നുണ്ടെന്നും ബോസ് പറഞ്ഞു.

ഉറാൽ ഇൻഡസ്ട്രിയൽ ബൈനിയൽ ഓഫ് കണ്ടംപററി ആർട്ട് ഇൻ റഷ്യ അലീസ പ്രുഡുനിക്കോവ,ബുഡാപസ്റ്റിലെ ഓഫ്-ബിനാലെ ക്യൂറേറ്റർ സംഘാംഗം റോണ കോപെസ്കി, ബിനാലെ ഫൗണ്ടേഷൻ റിസോഴ്സ് മൊബലൈസേഷൻ കൺസൽട്ടന്റ് ശ്വേത പട്ടേൽ എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു.